**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ് - ജീവനക്കാര്യം - പൊതുഭരണ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി തലം മുതൽ സ്പെഷ്യൽ സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(സ്പെഷ്യൽ - ബി) വകുപ്പ്**

**സ.ഉ (സാധാ) നം.3789/2020/പൊഭവ തിരുവനന്തപുരം,തീയതി: 10/12/2020**

---

**പരാമർശം:** 1.ശ്രീ. ഉണ്ണികൃഷ്ണൻ ജെ., അഡീഷണൽ സെക്രട്ടറിയുടെ 01/12/2020-ലെ സമർപ്പണം.
2.ശ്രീമതി മിനിമോൾ ഡി., ജോയിന്റ് സെക്രട്ടറി 09/11/2020 -ലെ സമർപ്പണം.
3.ശ്രീമതി സ്വപ്ന എം., ഡെപ്യൂട്ടി സെക്രട്ടറിയുടെ 02/11/2020-ലെ സമർപ്പണം.
4.ശ്രീ. ജയ്ൻ ബി., അണ്ടർ സെക്രട്ടറിയുടെ 16/11/2020-ലെ സമർപ്പണം.
5.ശ്രീ. പ്രസന്നൻ.ടി, അണ്ടർ സെക്രട്ടറിയുടെ 17/11/2020-ലെ സമർപ്പണം.
6.ശ്രീ. വിജയൻ. എ, അണ്ടർ സെക്രട്ടറിയുടെ 18/11/2020-ലെ സമർപ്പണം.

**<u>ഉത്തരവ്</u>**

**I) താഴെ പറയുന്ന ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നു.**

**II) സ്പെഷ്യൽ സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 93,000-1,20,000/- രൂപ) താഴെ പറയുന്ന സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/ നിയമനം നൽകി ഉത്തരവാകുന്നു.**

**1.** സീനിയർ മോസ്റ്റ് അഡീഷണൽ സെക്രട്ടറി ശ്രീമതി രാരി രാജനെ (പെൻ 132391) സ്പെഷ്യൽ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ശ്രീമതി

ഷീലാ റാണി സ്പെഷ്യൽ സെക്രട്ടറിയെ സ്ഥലംമാറ്റുന്ന ഒഴിവിൽ റവന്യൂ വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

2. സ്ഥലംമാറ്റുന്ന സ്പെഷ്യൽ സെക്രട്ടറി ശ്രീമതി ഷീലാ റാണി ആർ.(പെൻ 132266)നെ ശ്രീ. ആർ രാജശേഖരൻ നായർ വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ആഭ്യന്തര വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

**III. അഡീഷണൽ സെക്രട്ടറി തസ്തികയിൽ(ശമ്പള സ്കെയിൽ 89,000-1,20,000/- രൂപ) താഴെ പറയുന്ന സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവാകുന്നു.**

1. സ്ഥലംമാറ്റുന്ന അഡീഷണൽ സെക്രട്ടറി ശ്രീ. ജനാർദ്ദനൻ കെ.യെ (പെൻ 101372) ശ്രീമതി രാരി രാജൻ അഡീഷണൽ സെക്രട്ടറിയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ എറണാകുളം ഐ.എം.ജി.യിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.
2. അവധിയ്ക്കുശേഷം 01/12/2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത അഡീഷണൽ സെക്രട്ടറി ശ്രീ. ഉണ്ണികൃഷ്ണൻ ജെ.യെ (പെൻ 101207) അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് ശ്രീ. ജനാർദ്ദനൻ കെ., അഡീഷണൽ സെക്രട്ടറിയെ സ്ഥലംമാറ്റിയ ഒഴിവിൽ പൊതുമരാമത്ത് വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

**IV. ജോയിന്റ് സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 85,000 -1,17,600/- രൂപ) താഴെ പറയുന്ന നിയമനം നടത്തി ഉത്തരവാകുന്നു.**

അവധിയ്ക്കുശേഷം 09.11.2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത ജോയിന്റ് സെക്രട്ടറി ശ്രീമതി മിനിമോൾ ഡി.യെ (പെൻ 101614) അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് ശ്രീമതി വിജയശ്രീ കെ.എസ്. ജോയിന്റ് സെക്രട്ടറി അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ & ലൈഫ് ലോംഗ് എഡ്യുക്കേഷനിൽ സെക്രട്ടറി തസ്തികയിൽ അന്യത്ര

സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

**V. ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 77,400 -1,15,200/- രൂപ ) താഴെ പറയുന്ന നിയമനം നടത്തി ഉത്തരവാകുന്നു.**

1. അവധിയ്ക്കുശേഷം 02.11.2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി സ്വപ്ന എം.നെ (പെൻ 101437) അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് ശ്രീ. സുരേഷ് കുമാർ എസ്. (പെൻ 101892) ഡെപ്യൂട്ടി സെക്രട്ടറിയെ പൊതുഭരണ സെക്രട്ടേറിയറ്റിൽ തിരികെ പ്രവേശിപ്പിക്കുന്ന ഒഴിവിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

2. പൊതുഭരണ സെക്രട്ടേറിയറ്റിൽ തിരികെ പ്രവേശിപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സുരേഷ് കുമാർ എസ്.നെ (പെൻ 101892) ശ്രീ. കെ.രാധാകൃഷ്ണൻ നായർ വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ നാറ്റ്പാകിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

**VI. അണ്ടർ സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 45,800 - 89,000/- രൂപ )താഴെ പറയുന്ന സ്ഥാനക്കയറ്റം/ നിയമനം നടത്തി ഉത്തരവാകുന്നു.**

1. സീനിയർ മോസ്റ്റ് സെക്ഷൻ ഓഫീസർ ശ്രീമതി മഞ്ജു എം.(പെൻ 100782) നെ അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ശ്രീമതി ഷീന എം.എസ്. അണ്ടർ സെക്രട്ടറി അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ റവന്യൂ വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.
2. സെക്ഷൻ ഓഫീസർ ശ്രീമതി മിലൻ എലിസബത്ത് ജോർജ്ജ്(പെൻ 100869) നെ അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ചട്ടം 14(e) ഉൾപ്പെടുത്തിയ

കാര്യവും അനുബന്ധ വിഷയങ്ങളും പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് ദിനേശൻ കമ്മീഷനിൽ താൽക്കാലികമായി സൃഷ്ടിച്ച തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

3. സെക്ഷൻ ഓഫീസർ ശ്രീമതി സുനിത എൽ.(പെൻ 104265) നെ അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി, സന്ദർശക സഹായക കേന്ദ്രത്തിൽ നിലവിലെ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

4. അവധിയ്ക്കുശേഷം 16.11.2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത അണ്ടർ സെക്രട്ടറി ശ്രീ. ജയൻ ബി.(പെൻ 100789)യെ അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് ശ്രീമതി അനുരാധ പി, അണ്ടർ സെക്രട്ടറി അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

5. അവധിയ്ക്കുശേഷം 17.11.2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത അണ്ടർ സെക്രട്ടറി ശ്രീ. പ്രസന്നൻ ടി.യെ അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് അണ്ടർ സെക്രട്ടറി ശ്രീമതി ഹസീന പി.എസ് അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സഹകരണ വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

6. അവധിയ്ക്കുശേഷം 18.11.2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത അണ്ടർ സെക്രട്ടറി ശ്രീ. വിജയൻ എ.(പെൻ 102132)യെ അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് അണ്ടർ സെക്രട്ടറി ശ്രീ. ബാലസുബ്രഹ്മണ്യൻ അവധിയിൽ പ്രവേശിച്ച ഒഴിവിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുധ ബി.**
**ഡെപ്യൂട്ടി സെക്രട്ടറി**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വകുപ്പുകൾക്കും
റീജിയണൽ ഡയറക്ടർ, ഐ.എം.ജി, എറണാകുളം

ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ & ലൈഫ് ലോംഗ് എഡ്യുക്കേഷൻ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി,ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, തിരുവനന്തപുരം.
സെക്രട്ടറി, ജസ്റ്റിസ് ദിനേശൻ കമ്മീഷൻ,
ഡയറക്ടർ, നാറ്റ്പാക്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം.
സബ്ബ് ട്രഷറി ഓഫീസർ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
പൊതുഭരണ(എസ് എസ്/എസ് സി/സി ആർ സെൽ /അക്കൗണ്ട്സ് ഇ, ജെ, കെ, വി, എം, ബി ഡബ്ളിയു, സർവ്വീസസ് ഇ, എച്ച് കെ സി(എ/ബി)/പി എ ബി എക്സ്/ ഏകോപനം/ എ എം സി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Smitha A.S.

**സെക്ഷൻ ഓഫീസർ**